# ദൈവം സ്നേഹത്തോടെ നിശ്ശബ്ദനായി നിങ്ങൾക്കുവേണ്ടി കരുതുന്നു- സാക് പുന്നൻ

WFTW Malayalam 8 January 2012

www.jeevamozhikal.org

യിസ്രായേൽ ജനതയുടെ ചരിത്രത്തിൽ ഉടനീളം ദൈവം അവരെ തന്റെ എല്ലാം സഹിക്കുന്ന സ്നേഹത്തിലൂടെ തന്നിലേക്ക് ആകർഷിക്കുവാൻ ശ്രമിക്കുന്നു (യിരെ.31:3, ആവ.4: 37).അവരിൽ നിന്നു സ്നേഹം മാത്രമാണ് താൻ പ്രതീക്ഷിക്കുന്നതെന്ന് അവിടുന്നു പറഞ്ഞു (ആവ. 6: 5). എന്നാൽ അവരും നമ്മെപ്പോലെയായിരുന്നു. തുടർച്ചയായി അവർ അവിടുത്തെ സ്നേഹത്തെ സംശയിച്ചു. എങ്കിലും ദൈവം അവരെ സ്നേഹിച്ചുകൊണ്ടേയിരുന്നു. അവിടുന്ന് അവരെ മറന്നുകളഞ്ഞു എന്നു പരാതിപ്പെട്ടപ്പോൾ അവിടുന്നു യെശ. 49:15 ൽ കാണുന്ന മൃദുലവാക്കുകളിൽ ഇങ്ങനെ മറുപടി പറഞ്ഞു: " ഒരു സ്ത്രീക്കു തന്റെ കുഞ്ഞിനെ മറക്കാൻ കഴിയുമോ? തന്റെ ഗർഭത്തിൽ ഉരുവായ മകനോട് അവൾക്കു കരുണ തോന്നാതിരിക്കുമോ? അവൾ മറന്നേക്കാം, എന്നാലും ഞാൻ നിങ്ങളെ മറക്കുകയില്ല." പ്രായപൂർത്തിയായ മക്കളെക്കുറിച്ച് ഒരു അമ്മ എപ്പോഴും ചിന്തിച്ചുകൊണ്ടിരിക്കുകയില്ല, എന്നാൽ തന്റെ മാറിൽ ഒരു കുഞ്ഞുണ്ടെങ്കിൽ അതിനെക്കുറിച്ചു ചിന്തിക്കാതെ ഒരു നിമിഷംപോലും ഇരിക്കുവാൻ കഴിയുകയില്ല.. രാത്രി താൻ ഉറങ്ങുന്നതിനു മുമ്പുള്ള അവസാന ചിന്തയും തന്റെ അരികിൽ കിടന്നുറങ്ങുന്ന കുഞ്ഞിനെക്കുറിച്ചായിരിക്കും. അർദ്ധരാത്രിയിൽ ഉണർന്നാൽ ഉടൻ നോക്കുന്നതും തന്റെ അരികിൽ കിടക്കുന്ന കുഞ്ഞിനെ ആയിരിക്കും. ഒടുവിൽ അവൾ രാവിലെ ഉണരുമ്പോഴും അവളുടെ ആദ്യചിന്ത മുല കുടിക്കുന്ന തന്റെ കുഞ്ഞിനെക്കുറിച്ചായിരിക്കും. ചെറിയ കുഞ്ഞുങ്ങളോടുള്ള ഒരമ്മയുടെ സ്നേഹം അങ്ങനെയെങ്കിൽ തനിക്കുള്ളവരെ താൻ എത്ര ശ്രദ്ധയോടെ പരിപാലിക്കുമെന്ന് ദൈവം പറയുന്നു.

ഹോശെയയുടെ പുസ്തകത്തിലും ഇതിന് ഊന്നൽ നൽകുന്നുണ്ട്. ഹോശെയാ തന്റെ വ്യക്തിപരമായ ജീവിതത്തിൽ കടന്നുപോയ വേദനാജനകമായ അനുഭവങ്ങൾ യിസ്രയേലിനോടുള്ള ദൈവത്തിന്റെ മനോഭാവം കാണിക്കുന്ന ഒരു ഉപമയാണ്. വിശ്വസ്തനായ ഒരു ഭർത്താവ് അവിശ്വസ്തയായ ഒരു ഭാര്യയോട് കാണിക്കുന്നതുപോലെ സഹനത്തോടെയുള്ള ഒരു സ്നേഹമാണ് ദൈവത്തിന്റെ സ്നേഹമെന്നാണ് അതു നമ്മോടു പറയുന്നത്. വേദപുസ്തകത്തിൽ ഉത്തമഗീതം എന്നൊരു പുസ്തകം ദൈവം വച്ചിരിക്കുന്നത് ചഞ്ചലചിത്തയായ മണവാട്ടിയോടുള്ള അവളുടെ ദിവ്യമണവാളന്റെ വിശ്വസ്തത ചിത്രീകരിക്കുന്നതിനു വേണ്ടിയാണ്.

നമ്മോടുള്ള ദൈവത്തിന്റെ ഇടപാടുകളുടെ എല്ലാം അടിസ്ഥാനം നമ്മോടുള്ള അവിടുത്തെ സ്നേഹമാണ്. നമ്മുടെ വിശ്വാസം ഈ വസ്തുതയിൽ ഉറച്ചതായിരിക്കണം. സെഫ.3: 17 ൽ ഇങ്ങനെ പരിഭാഷപ്പെടുത്തിയിരിക്കുന്നു: "അവിടുന്നു സ്നേഹത്തിൽ നിശബ്ദമായി നിനക്കുവേണ്ടി കരുതുന്നു." നമ്മുടെ ജീവിതത്തിലേക്കു കടന്നുവരുവാൻ ദൈവം അനുവദിക്കുന്ന ഓരോ കാര്യവും സ്നേഹപൂർവ്വം നമുക്കായി കരുതുന്ന ഒരു ഹൃദയത്തിൽ നിന്നാണു വരുന്നതെന്ന് എത്രപേർ തിരിച്ചറിയുന്നുണ്ട്? എന്റെയും നിങ്ങളുടെയും ജീവിതത്തിൽ കടന്നുവരുന്ന എല്ലാ പ്രശ്നങ്ങളും ശോധനകളും ആത്യന്തികമായി നമ്മുടെ നന്മയ്ക്കുവേണ്ടി ആസൂത്രണം ചെയ്തിട്ടുള്ളതാണ്. നമ്മുടെ പദ്ധതികളെ ദൈവം തകർക്കുന്നത് അത് ഏറ്റവും നല്ല ചിലത് നമുക്കു നഷ്ടപ്പെടാതിരിക്കുവാൻ വേണ്ടിയാണ്. ഈ ഭൂമിയിൽ വച്ച് പലപ്പോഴും അതിന്റെ കാരണം മനസ്സിലാക്കുവാൻ സാധിക്കുകയില്ല. എന്നാൽ അതിനു മറ്റൊരു കാരണവുമില്ലെന്നും എല്ലാം വരുന്നത് സ്നേഹവാനായ ഒരു ദൈവത്തിന്റെ കരത്തിൽ നിന്നാണെന്നും തിരിച്ചറിഞ്ഞാൽ അതു നമ്മുടെ മനസ്സിനെ മഥിക്കുന്ന ഭയവും അശുദ്ധചിന്തകളും എടുത്തുകളയും. വിശ്വാസികൾ ഈ സത്യത്തിന്മേൽ ഉറച്ചിട്ടില്ലാത്തതിനാൽ ആകുലചിന്തയും ഉത്ക്കണ്ഠയും അവരുടെ മനസ്സിലേക്കു കടന്നുവരുന്നു.വേദപുസ്തകം പറയുന്ന "സകലബുദ്ധിയെയും കവിയുന്ന ദൈവിക സമാധാനവും" "വർണ്ണിച്ചുകൂടാൻ പറ്റാത്ത സന്തോഷവും" അവർക്ക് അപരിചിതമായിരിക്കുന്നു. യേശുവിന്റെ കാലഘട്ടത്തിലെ മതഭക്തരായ ആളുകൾ പഴയനിയമം വായിച്ചിരുന്നവർ ആണെ

ങ്കിൽക്കൂടി ദൈവത്തെക്കുറിച്ചവർക്കുണ്ടായിരുന്നത് തെറ്റായ ധാരണയാണ്. യേശുവിന്റെ ശുശ്രൂഷ പലപ്പോഴും ഈ ധാരണ തിരുത്തുന്നതായിരുന്നു. യേശുവിനെ സംബന്ധിച്ച് എല്ലാം, അവിടുന്നു രോഗികളെ സൗഖ്യമാക്കിയത്, ദുഃഖിച്ചിരുന്നവരെ ആശ്വസിപ്പിച്ച അവിടുത്തെ വാക്കുകൾ, പാപഭാരത്താൽ വലഞ്ഞിരുന്നവരോടുള്ള അവിടുത്തെ സ്നേഹം, ശിഷ്യന്മാരോടുള്ള അവിടുത്തെ ക്ഷമ, ഒടുവിൽ ക്രൂശിന്മേലുള്ള അവിടുത്തെ മരണം ഇവയെല്ലാം കാണിച്ചത് ദൈവഹൃദയത്തിലെ സ്നേഹസ്വഭാവമാണ്. സ്നേഹവാനായ സ്വർഗീയപിതാവ് തങ്ങളുടെ എല്ലാ ആവശ്യങ്ങൾക്കും മതിയായവനാണെന്ന്  ശിഷ്യന്മാർക്ക് അവിടുന്ന് എത്രയോ തവണ കാണിച്ചു കൊടുത്തു. പിതാവിനെ സംശയിക്കുന്നതിൽ യേശു എത്രയോ തവണ ശിഷ്യന്മാരെ ശാസിച്ചു. ലോകത്തിലെ പിതാക്കന്മാർ തങ്ങളുടെ മക്കൾക്കുവേണ്ടി കരുതുവാൻ അറിയുന്നുവെങ്കിൽ സ്നേഹവാനായ സ്വർഗീയപിതാവ് അവർക്കുവേണ്ടി എത്ര അധികം കരുതും(മത്താ.7: 9-11)! ചഞ്ചലചിത്തരും മത്സരികളുമായ മക്കളോടുള്ള ദൈവത്തിന്റെ ക്ഷമനിറഞ്ഞ സ്നേഹത്തെ കാണിക്കുന്നതിനുവേണ്ടിയുള്ളതാണ് മുടിയൻപുത്രന്റെ ഉപമ. എതിർക്കാൻ പറ്റാത്ത യുക്തി കൊണ്ടും ഉപമകൾ കൊണ്ടും തന്റെ വ്യക്തിപരമായ മാതൃകകൊണ്ടും യേശു തന്റെ തലമുറയുടെ ദൈവത്തെക്കുറിച്ചുള്ള അബന്ധജഡിലമായ ധാരണകൾ തിരുത്തുവാൻ ശ്രമിച്ചു.ക്രൂശിലേക്കു പോകുന്നതിനു മുമ്പുള്ള തന്റെ അവസാന പ്രാർത്ഥനയിൽ യേശു പ്രാർത്ഥിച്ചത് ലോകം ദൈവത്തിന്റെ സ്നേഹത്തെ അറിയണമെന്നായിരുന്നു.(യോഹ.17: 23). അളവില്ലാത്തതും മാറ്റമില്ലാത്തതുമായ ദൈവസ്നേഹത്തെക്കുറിച്ചുള്ള വചനസത്യങ്ങൾ നമ്മുടെ ഹൃദയങ്ങളിൽ ആഴത്തിൽ പതിയുവാൻ തക്കവണ്ണം  ദൈവം ഇടയാക്കട്ടെ. ഇതിലല്ലാതെ ദൈവത്തിലുള്ള വിശ്വാസം വളരുകയില്ല.

മൊഴിമാറ്റം: സാജു ജോസഫ്